## പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1500 — 31.10.2019-ൽ മറുപടിക്ക്

### മത്സ്യത്തൊഴിലാളികൾക്ക് നാവിക് ഉപകരണവും ഉപഗ്രഹ ഫോണും

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ. എം. വിൻസെന്റ് : | | ശ്രീമതി. ജെ.മേഴ്സിക്കുട്ടി അമ്മ (മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രി) |
| (എ) | ഓഖി ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ മത്സ്യത്തൊഴിലാളികൾക്ക് നാവിക് ഉപകരണം നൽകുമെന്ന പ്രഖ്യാപനം ഇതിനകം പ്രാവർത്തികമാക്കിയിട്ടുണ്ടോ; എങ്കിൽ എത്ര പേർക്ക് ഇതിനകം ഉപകരണം നൽകിയെന്ന് അറിയിക്കുമോ; | (എ) | ഓഖി ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ അടിയന്തിര ഘട്ടങ്ങളിൽ 1500 കിലോമീറ്റർ അകലെ വരെ കാലാവസ്ഥ മുന്നറിയിപ്പുകൾ നൽകാൻ കഴിയുന്ന നാവിക് ഉപകരണങ്ങൾ 15,000 എണ്ണം വിതരണം ചെയ്യുന്നതിന് സർക്കാർ അനുമതി നൽകിയിട്ടുണ്ട്. അതിന്റെ ആദ്യഘട്ടമായി 5000 എണ്ണം നാവിക് ഉപകരണങ്ങൾ നിർമ്മിച്ച് നൽകുന്നതിന് കെൽട്രോണുമായി കരാർ ഒപ്പിടുകയും ചെയ്തിട്ടുണ്ട്. ഇതുവരെ 875 ഉപകരണങ്ങൾ മത്സ്യത്തൊഴിലാളികൾക്ക് വിതരണം ചെയ്തിട്ടുണ്ട്. ISRO വികസിപ്പിച്ചെടുത്ത നാവിക് ഉപകരണങ്ങളിൽ നിലവിലുള്ള One Way Communication മാത്രമേ സാധ്യമാകുന്നുള്ളൂവെന്ന പോരായ്മ ഉണ്ടെന്ന മത്സ്യത്തൊഴിലാളികളുടെ അഭിപ്രായം പരിഗണിച്ച് Two Way Communication സാധ്യമായ നാവിക് ഉപകരണം വികസിപ്പിച്ചെടുക്കുന്നതിന് ISRO യെ ചുമതലപ്പെടുത്തുകയും അവർ അത് വികസിപ്പിച്ചെടുത്തിട്ടുമുണ്ട്. വ്യാവസായികാടിസ്ഥാനത്തിൽ Two Way Communication സംവിധാനമുള്ള നാവിക് ഉപകരണം നിർമ്മിക്കുവാൻ KELTRON ന് ISRO സാങ്കേതിക വിദ്യ കൈമാറി കിട്ടുന്നതോടെ നാവിക് ഉപകരണങ്ങളുടെ ഉൽപാദനം പുനരാരംഭിക്കും. ഇനി അത്തരം ഉപകരണമേ വിതരണം ചെയ്യാനുദ്ദേശിക്കുന്നുള്ളൂ. |
| (ബി) | ഇതിന്റെ ഗുണഭോക്തൃ വിഹിതമായി മത്സ്യത്തൊഴിലാളികളിൽ നിന്ന് തുക ഈടാക്കിയിട്ടുണ്ടോ; എങ്കിൽ എന്ത് തുകയാണ് ഈടാക്കിയത്; വ്യക്തമാക്കുമോ; | (ബി) | ഉണ്ട്. ഗുണഭോക്തൃവിഹിതമായി മത്സ്യത്തൊഴിലാളികളിൽ നിന്ന് ഒരു യൂണിറ്റിന് 1500/- രൂപ ഈടാക്കി വരുന്നു. |

| | | | |
|---|---|---|---|
| (സി) | ആഴക്കടലിൽ പോകുന്ന മത്സ്യത്തൊഴിലാളികൾക്ക് ഉപഗ്രഹ ഫോൺ നൽകുന്ന പദ്ധതി പ്രകാരം എത്രപേർക്ക് ഉപഗ്രഹ ഫോൺ അനുവദിച്ചു; അറിയിക്കുമോ; | (സി) | ആഴക്കടലിൽ മത്സ്യബന്ധനം നടത്തുന്ന യാനങ്ങൾക്ക് ബി. എസ്. എൻ. എൽ - മായി ചേർന്ന് 1000 ഉപഗ്രഹഫോണുകൾ വിതരണം ചെയ്യുന്നതിന് അനുമതി നൽകിയതനുസരിച്ച് ഇതിനകം 24 ഉപഗ്രഹഫോണുകൾ മത്സ്യത്തൊഴിലാളികൾക്ക് വിതരണം ചെയ്തിട്ടുണ്ട്. |
| (ഡി) | തൊഴിലാളികളുടെ ഗുണഭോക്തൃ വിഹിതമായി എന്ത് തുകയാണ് ഇത് കൈപ്പറ്റിയവരിൽ നിന്നും ഈടാക്കിയത് എന്ന് അറിയിക്കുമോ? | (ഡി) | പരമ്പരാഗത മത്സ്യത്തൊഴിലാളികളിൽ നിന്ന് ഒരു യൂണിറ്റിന് 1000/- രൂപ നിരക്കിലും ബോട്ടുടമകളിൽ നിന്ന് ഒരു സാറ്റലൈറ്റ് ഫോണിന്റെ ആകെ വിലയുടെ 50 ശതമാനവും ഈടാക്കിവരുന്നു. |

സെക്ഷൻ ഓഫീസർ